ഗ്രാമറോഡുകൾ

*നമ്പർ.(ചോ.)ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഗ്രാമങ്ങളിൽ റോഡുകൾ വെട്ടുന്നതിനു് എതെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ പദ്ധതി എന്താണു്?

മരാമത്തും ഗതാഗതവും, കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഈ. ജാൺ ഫിലിപ്പോസു്):

(എ) ഇല്ല. ഒരു പഞ്ചവത്സര പദ്ധതിതയാറാക്കിക്കൊണ്ടിരിക്കുകയാണു്.

(ബി) എ.യുടെ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഈ പദ്ധതി ആരാണു് തയാറാക്കുന്നതു്?

ശ്രീ. ഈ ജാൺ പിലിപ്പോസു്: അതിലേയ്ക്കു ഒരു സ്പെഷ്യൽ സബ്ഡിവിഷൻ ആഫീസറെ നിയോഗിച്ചിട്ടുണ്ടു്.

ഫുഡ് പ്രൊഡക്ഷൻ സ്കീം

*നമ്പർ (എ) (ചോ) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഫുഡ് പ്രൊഡക്ഷൻ സ്കീമിനുവേണ്ടി എത്ര ഉറുപ്പിക ഈ ഫൻ ൧ ൟലെ നം ൦–ാംനമ്പർവരെ ചിലവുചെയ്തിട്ടുണ്ടു്?

(ബി) ഏതെല്ലാം താലൂക്കുകളിലാണു് പ്രവർത്തനം നടത്തിയിരിക്കുന്നതു്;

(സി) താലൂക്ക് കമ്മറിറികളും സെൻട്രൽ കമ്മറിറിയും ശുപാർശ ചെയ്ത എല്ലാ പദ്ധതികളും സ്വീകരിച്ചു് പണി തുടങ്ങിയിട്ടുണ്ടോ;

(ഡി) താലൂക്ക് കമ്മറിറികളോ സെൻട്രൽ കമ്മറിറിയോ അറിയുകയോ ശുപാർശ ചെയ്യുകയോ ചെയ്യാത്ത വല്ല ചിറ്റു് പണികളും തലപ്പിള്ളി താലൂക്കിൽ പൈംകുളം വില്ലേജിൽ പണിചെയ്തിട്ടുണ്ടോ;

(ഇ) ആ പണി പഞ്ചായത്തിൻകീഴിൽ ശുപാർശ ചെയ്തിരുന്നതായിരുന്നുവോ;

(എഫ്) അതിന്മേൽ നാട്ടുകാർക്ക് ആക്ഷേപമുണ്ടായി ഗവൺമെൻറ് അന്വേഷണത്തിനു് സ്റ്റേ മേടിച്ചു പണി നിർത്തിവെച്ചിരുന്നുവോ;

(ജി) ആ അന്വേഷണം കഴിഞ്ഞു ഇഞ്ചിനീയറിംഗ് വിദഗ്ധ ഉദ്യോഗസ്ഥൻ ആക്ഷേപം തീരുവാൻ ഒരു ചിറ്റുകൂടി മുകളിൽകെട്ടി വെള്ളംതിരിച്ചു് ഇരുകക്ഷികൾക്കും ഗുണമായവിധം പണിചെയ്യിക്കണമെന്നു് ശുപാർശ ചെയ്തിരുന്നില്ലേ;

(എച്ചു്) അതുപ്രകാരം പ്രവർത്തിക്കാതെ ഫുഡ്പ്രൊഡക്ഷൻ ഡിപ്പാർട്ടുമെണ്ടിൽനിന്നും പ്രവർത്തി നടത്തിയതിനു് പ്രത്യേകകാരണമെന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ;

(ഐ) വർഷകാലത്തിനെറ കാഠിന്യ ദിവസകാലങ്ങളിൽ തോട്ടിൽ ചിറകെട്ടി വെള്ളംതിരിച്ചുവിട്ടു് കൃഷി ദോഷം വരുത്തിയതിനു ആക്ഷേപം കിട്ടിയിട്ടുണ്ടോ;

(ജെ) അതിൻെറ ഫലമായി ഗവൺമെണ്ടു് എന്തുചെയ്തു എന്നു പറയുവാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പ് മന്ത്രി (ശ്രീ. ഇ. ജാൺ ഫിലിപ്പോസ്): ഈ ചോദ്യത്തിനു ഉത്തരം തയ്യാറായിട്ടില്ല.

(Question No. 26 was not put)

നെല്ലും അരിയും പൂഴ്ത്തിവെപ്പ്

*നു ൻ. (൨൭) ശ്രീ. കണ്ണാറ ഗോപാലപണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തിരുവിതാംകൂറിലും കൊച്ചിയിലും പല മുതലാളിമാരും വൻകൃഷിക്കാരും നെല്ലും അരിയും പൂഴത്തിവെച്ചിരിക്കുന്നവ കണ്ടുപിടിക്കുന്നതിലേക്കു പൊതുജനസഹകരണത്തോടുകൂടി വിജിലൻസ് കമ്മിറ്റി രൂപീകരിക്കുന്ന കാര്യം ഗവൺമെണ്ടിന്റെ ആലോചനയിൽ പെട്ടിട്ടുണ്ടോ;

(ബി) അതിലേക്കു എവിടെയെങ്കിലും കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) ഇല്ല.

(സി) ഫുഡ് അഡ്വൈസറി കമ്മറ്റി അംഗങ്ങളുടേയും ഡിപ്പാർട്ടുമെൻറധ്യോഗസ്ഥന്മാരുടേയും മറ്റു പൊതുജനങ്ങളുടേയും സഹകരണത്തോടുകൂടി ഇക്കാര്യത്തിൽ വേണ്ടതു ചെയ്യാൻ ഇപ്പോൾ സാധിക്കുന്നുണ്ട്.

PROMOTIONS IN THE UNIVERSITY

***380.** [28] **Sri. Kannara Gopala Panicker:** Will the Hon'ble Minister for Education be pleased to state.—

(*a*) whether on the basis of a complaint from a clerk in the University Government directed the Registrar in April last year to revise certain promotions of clerks made contrary to the rules in force;

(*b*) whether the said orders have been implemented and if not why;

(*c*) whether it is a fact that the University delayed the implementation of the orders purposely till the end of 1949; and

(*d*) if the answer to (*c*) is in the affirmative what steps have been taken by Government against the officers responsible for the callous indifference in carrying out the orders of Government?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):**

(*a*) Yes.

(*b*) Orders have been partly implemented and the University is taking steps to implement the orders in full. In fact a list according to the directions of Government has been prepared by the University and is being circulated among the members of the staff to get their objections, if any.

(*c*) No.

(*d*) This does not arise in view of the answer to part (*c*).

Sri. P. Balakrishnan Tampi: May I know from the hon'ble member whether Government interfere in the internal working of the University, with reference to the appointment and promotions of clerks etc.

Sri. Panampilli Govinda Menon: Generally they do not interfere but in certain matters they have to interfere.

LIBRARY ARCHIVES Kerala Legislative Assembly